63 (639) താലൂക്ക് പുനഃസംഘടനയ്ക്കുള്ള മാനദണ്ഡങ്ങൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് പുനഃസംഘടന നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്;

(ബി) 1957-ലെ ഭരണപരിഷ്ക്കാര ശുപാർശയിൽ നിലവിലുള്ള എൻ, ഇ.എഫ്. ബ്ലോക്കുകളുടെ മേഖലതന്നെ റവന്യൂ താലൂക്കുകളായി പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളുടെ പുനഃസംഘടന നടത്തുമ്പോൾ എൻ.ഇ.എസ്. ബ്ലോക്കുകളുടെ പ്രവർത്തന മേഖലതന്നെ താലൂക്കായി പുനഃസംഘടന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. കൂടാതെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

64 (640) താലൂക്ക് വില്ലേജ് ഓഫീസുകളിൽ അപേക്ഷകളിലെ കൈപ്പറ്റു രസീതുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വില്ലേജ് ഓഫീസുകളിൽ ഹർജികളോ അപേക്ഷകളോ പൊതുജനങ്ങളിൽനിന്നും ലഭിച്ചാൽ ആയതിനു കൈപ്പറ്റു രസീതുകൾ നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ കൈപ്പറ്റു രസീത് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, റവന്യൂ ഡിവിഷൻ ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ലഭിക്കുന്ന എല്ലാ പരാതികൾക്കും അപേക്ഷകൾക്കും അപേക്ഷകന്റെ പേരും, മേൽവിലാസവും, ലഭിച്ച തീയതിയും രേഖപ്പെടുത്തി രസീത് നൽകണമെന്ന് 12.6.1996-ലെ സർക്കാർ ഉത്തരവ് (എം.എസ്) 300/96/ആർ.ഡി. പ്രകാരം എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില ജില്ലകളിൽ ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നിർദ്ദേശം കർശനമായി പാലിക്കാൻ ജില്ലാകളക്ടർമാർക്ക് വീണ്ടും നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly